ഫയർ & റെസ്ക്യൂ സർവ്വീസസിൽ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസറുടെ തസ്തികയിലേക്കുള്ള പ്രൊമോഷൻ

220 (6370) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ & റെസ്ക്യൂ സർവ്വീസസിൽ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസറുടെ തസ്തികയിലേക്ക് ഏത് അനുപാതത്തിലാണ് ഫയർമാൻ/ ഡ്രൈവർ തസ്തികയിൽനിന്നും പ്രൊമോഷൻ നൽകുന്നത് ;

(ബി) പ്രൊമോഷൻ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ഡ്രൈവർമാർ പരാതി നല്കിയിട്ടുണ്ടോ ;

(സി) സ്പെഷ്യൽ റൂൾസ് നിലവിലുള്ള ഒരു കാര്യത്തിൽ ജനറൽ റൂൾ ബാധകമാക്കിയത് സംബന്ധിച്ച പരാതിയിൽ എന്ത് തീരുമാനമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേക്ക് ഫയർമാൻ/ ഡ്രൈവർ എന്നീ തസ്തികകളിൽ നിന്നും നേരിട്ട് സ്ഥാനക്കയറ്റം നൽകാറില്ല. ലീഡിംഗ് ഫയർമാൻ, ഡ്രൈവർ മെക്കാനിക്ക് എന്നീ കാറ്റഗറികളിൽ നിന്നും യഥാക്രമം 9:1 റേഷ്യോയിലാണ് സ്ഥാനക്കയറ്റം നൽകുന്നത്.

(ബി & സി) ഡ്രൈവർ മെക്കാനിക്കുമാരിൽ നിന്നും ലഭിച്ച പരാതി പരിശോധിച്ചുവരുന്നു.

വിജിലൻസ് വകുപ്പിന്റെ നേതൃത്വത്തിൽ സോഷ്യൽ മീഡിയാ പേജിന്റെ പ്രവർത്തനം

221 (6371) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് വകുപ്പിന്റെ നേതൃത്വത്തിൽ സോഷ്യൽ മീഡിയാ പേജിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സോഷ്യൽ മീഡിയാ പേജുവഴി എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പൊതുജനങ്ങൾക്ക് അഴിമതിയെക്കുറിച്ചുള്ള പരാതി അയയ്ക്കാനും അവയ്ക്ക് പരിഹാരം കാണാനും എന്തെല്ലാം സംവിധാനമാണ് ഇതിലുള്ളത് ;

(ഡി) ഇത് സംബന്ധിച്ച് അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പ്രചരണ പരിപാടികളാണ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തുടക്കം കുറിച്ചിട്ടുണ്ട്. 2014 ജൂൺ 23-ാം തീയതി മുതൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ സോഷ്യൽ മീഡിയാ അക്കൗണ്ടുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) സോഷ്യൽ മീഡിയാ പേജുകൾ മുഖേന പൊതുജനങ്ങൾക്ക് അഴിമതി സംബന്ധിച്ചുള്ള തങ്ങളുടെ പരാതികൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള സാഹചര്യമൊരുക്കുന്നു. ഇവയിലൂടെ ലഭിക്കുന്ന പരാതികളിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നടപടി സ്വീകരിക്കുന്നതാണ്.

(സി) സോഷ്യൽ മീഡിയാ പേജുകളായ ഫെയ്സ് ബുക്ക്, ടിറ്റർ, വാട്സ്അപ്പ്, ഗൂഗിൾ+, യൂട്യൂബ് തുടങ്ങിയ സംവിധാനങ്ങളിലൂടെ പൊതുജനങ്ങൾക്ക് അഴിമതിയെകുറിച്ചുള്ള വിവരങ്ങൾ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയെ അറിയിക്കാം.

(ഡി) പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നേരിടുന്ന വെല്ലുവിളികൾ

222 (6372) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരിൽ അനുദിനം വർദ്ധിച്ചുവരുന്ന അഴിമതികൾ തടയുന്നതിനും ഉന്നയിക്കപ്പെടുന്ന അഴിമതി ആരോപണങ്ങൾ അന്വേഷിച്ച് സത്യം കണ്ടുപിടിക്കുന്നതിനും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് എന്തെങ്കിലും വെല്ലുവിളികൾ നേരിടുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പോലീസ് വകുപ്പിൽനിന്നും ഇടയ്ക്കിടക്ക് സ്ഥലംമാറ്റി നിയമിക്കപ്പെടുന്നവർ അല്ലാത്തവർ ആരെങ്കിലും അന്വേഷണ ഉദ്യോഗസ്ഥൻമാരായി ബ്യൂറോയിലുണ്ടോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് അന്വേഷണ ആവശ്യം ഏതെങ്കിലും വേണ്ടെന്ന് വച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ; ജീവനക്കാർ ഉൾപ്പെടെ സർക്കാരിന്റെ ഭാഗമായി പ്രവർത്തിക്കുന്നവർക്കെതിരെ ഉയർന്നുവന്ന ആരോപണങ്ങൾ എത്ര ; ഇതിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ച് ശിക്ഷാവിധിയായിട്ടുള്ളവ എത്ര ; എത്ര കേസുകളിൽ കോടതിവിധി പ്രതികൂലമായി മാറുകയുണ്ടായി ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly